**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5449** **24-03-2025 - ൽ മറുപടിയ്ക്ക്**

**കേരള റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ -ന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | 1995-ൽ പ്രവർത്തനം ആരംഭിച്ച സംസ്ഥാന വിദൂര സംവേദനം പരിസ്ഥിതി കേന്ദ്രം, വിദൂര സംവേദനം ആകാശീയ ഫോട്ടോകൾ, ഭൗമവിവര വ്യവസ്ഥ തുടങ്ങിയ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ സംസ്ഥാനത്തെ ആസൂത്രണം, വികസനം, പരിസ്ഥിതി സംരക്ഷണം എന്നീ മേഖലകൾക്കാവശ്യമായ പഠനങ്ങൾ സംഘടിപ്പിക്കുന്നു. പഠനങ്ങൾ, പരിശീലനം, അവബോധ ശാക്തീകരണ പരിപാടികൾ, ദത്ത ശേഖരണ സഹായം നൽകൽ എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. സ്ഥലജലവിഭവ പരിപാലനം, പാരിസ്ഥിതിക ദിശാഗതി നിയന്ത്രണം, മൂല്യനിർണ്ണയം, നീർത്തടാധിഷ്ഠിത വികസനം, തണ്ണീർത്തട പഠനം, കാർഷിക പഠനങ്ങൾ, ദുരന്ത നിവാരണം, പ്രകൃതി പരിപാലനം എന്നീ മേഖലകളിലും പഠന ഗവേഷണങ്ങൾ നടത്തി വരുന്നു.വിദൂര സംവേദനം വഴിയുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളുടെയും ഐ.എസ്.ആർ.ഒ.യുടെയും മറ്റ് ഏജൻസികളുടെയും ആവശ്യങ്ങൾ കെ.എസ്.ആർ.ഇ.സി. നടത്തി വരുന്നു. ഇവയിൽ വിഴിഞ്ഞം പദ്ധതി, കെ-റെയിൽ, ഡോ. കെ. കസ്തൂരി രംഗൻ റിപ്പോർട്ടിലെ ESA മാപ്പിംഗ്, വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളും ചുറ്റു പ്രദേശങ്ങളുടെ ESZ മാപ്പിംഗ്, വെറ്റ് ലാൻഡ് അതോറിറ്റിക്ക് വേണ്ടി വെറ്റ് ലാൻഡ് മാപ്പിംഗ്, പോലീസ്, വിജിലൻസ്, ബഹു. കോടതി ഉത്തരവുകൾ പ്രകാരമുള്ള ഭൂവിനിയോഗ അപഗ്രഥനം, റോഡ് മാപ്പിംഗ്, സർവ്വേ നമ്പർ തലത്തിലുള്ള ഭൂവിനിയോഗ റിപ്പോർട്ടുകൾ, മൊബൈൽ ആപ്ലിക്കേഷൻ മുഖേനയുള്ള വിവിധതരം ഡാറ്റാ ശേഖരണം എന്നിവയും ഉൾപ്പെടുന്നു. |
| (ബി) | പ്രസ്തുത സെന്ററിൽ സാറ്റലൈറ്റ് സർവ്വേ റിപ്പോർട്ടുമായി ബന്ധപ്പെട്ട് നിലവിൽ എത്ര അപേക്ഷകളുണ്ട്; അവയുടെ എണ്ണം | (ബി) | ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട വിഷയത്തിൽ 2016 മുതൽ 2025 ഫെബ്രുവരി 28 വരെ സെന്ററിൽ |

| | | | |
|---|---|---|---|
| | ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ; | | ലഭിച്ചതും തീർപ്പ് കൽപ്പിച്ചതുമായ അപേക്ഷകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>കൃഷി ഭവൻ / ആർ.ഡി.ഒ മുഖേനയാണ് അപേക്ഷകൾ സെന്ററിന് ലഭിക്കുന്നത്. അപേക്ഷകരുടെ വിവരം ജില്ലാ അടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടില്ല. അപേക്ഷകൾ ഓഫ് ലൈൻ ആയും ReLIS മുഖേന ഓൺലൈൻ ആയും ലഭ്യമാകുന്നുണ്ട്. പ്രോജക്ട് നടപ്പിലാക്കുന്നതിന് 5 പ്രോജക്ട് സ്റ്റാഫുകളുടെ സേവനം ആണ് നിലവിൽ ലഭിച്ച വരുന്നത്. കൂടുതൽ ടെക്നിക്കൽ സ്റ്റാഫിനെ എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന നിയമിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.<br><br>FMB, Location Sketch, എന്നിവ ഇല്ലാത്തതും നിശ്ചിത ഫീസ് ഒടുക്കാത്തതുമായ അപേക്ഷകളുടെ വിവരങ്ങൾ അതാത് കൃഷി ഓഫീസറെയും റവന്യൂ ഡിവിഷണൽ ഓഫീസറെയും അറിയിച്ച് ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അപേക്ഷകളിൽ ന്യൂനതകൾ പരിഹരിച്ച് തിരികെ ലഭിക്കുന്ന അപേക്ഷകൾ യഥാസമയം തീർപ്പാക്കി വരുന്നു. |
| (സി) | ഈ അപേക്ഷകളുടെ ഫയൽ സ്റ്റാറ്റസ് അപേക്ഷകർക്ക് ഓൺലൈനായി ലഭിക്കുവാൻ നിലവിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ സംവിധാനം നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | റവന്യൂ വകുപ്പ് ReLIS എന്ന സോഫ്റ്റ് വെയർ വഴി ആർ.ഡി.ഒ ഓഫീസിൽ നിന്നുള്ള അപേക്ഷകൾ ഓൺലൈൻ ആയി സെന്ററിന് ലഭ്യമാക്കുകയും മറുപടി റിപ്പോർട്ട് ഓൺലൈൻ ആയി തന്നെ നൽകുന്നതിനും ഫയലിന്റെ സ്റ്റാറ്റസ് അറിയുന്നതിനും വേണ്ട സംവിധാനം ഒരുക്കിയിട്ടുണ്ട്. ഓഫ്‌ലൈൻ അപേക്ഷകൾ ഓൺലൈൻ ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിൽ ജില്ലാടിസ്ഥാനത്തിൽ വിവരങ്ങൾ ലഭിക്കുന്നതിന് സെക്ഷൻ തിരിച്ച് ടെലിഫോൺ നമ്പറുകൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഡി) | കൃഷിഭവൻ അടിസ്ഥാനത്തിലും ആർ.ഡി.ഒ. ഓഫീസ് അടിസ്ഥാനത്തിലും ലഭ്യമാകുന്ന അപേക്ഷകളുടെ വിവരങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുവാൻ സെക്ഷൻ തിരിച്ച് ടെലിഫോൺ നമ്പറുകൾ നിലവിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

| വർഷം | ലഭിച്ച അപേക്ഷകൾ | തീർപ്പാക്കിയത് |
|---|---|---|
| 2016-17 | 2715 | 2467 |
| 2018 | 15266 | 13469 |
| 2019 | 6045 | 5472 |
| 2020 | 2801 | 2660 |
| 2021 | 4220 | 4042 |
| 2022 | 5428 | 4873 |
| 2023 | 5018 | 4439 |
| 2024 | 6355 | 4054 |
| 2025 ഫെബ്രുവരി 28 വരെ | 1444 | 170 |
| **ആകെ** | **49292** | **41646** |